**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2641** **06-10-2025 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് പഞ്ചായത്തിൽ പുതിയ വ്യവസായ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽപ്പെട്ട കെ.ഇ.എൽ. യൂണിറ്റ്, എടരിക്കോട് ടെക്സ്റ്റൈൽസ് എന്നിവയുടെ ഭൂമിയിൽ ഒഴിവുള്ള സ്ഥലത്ത് പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | **കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ എടരിക്കോട് യൂണിറ്റിന്റെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പഠനം അനെർട്ട് മുഖേന നടത്തിയിരുന്നു. എടരിക്കോട് യൂണിറ്റിനെ വടക്കൻ കേരളത്തിലെ ട്രാൻസ്ഫോർമറുകളുടെ ഒരു റിപ്പയർ ഹബ്ബാക്കി മാറ്റുവാനുള്ള ഒരു പദ്ധതിയും കമ്പനി വിഭാവനം ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷന്റെ കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസിന്റെ നിലവിൽ ഉപയോഗിക്കാത്ത 13.06 ഏക്കർ ഭൂമി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ഉപയുക്തമാക്കുന്ന കാര്യം 04.04.2025-ലെ സ.ഉ(സാധാ )നം. 383/2025/വ്യവ പ്രകാരം രൂപീകരിച്ച സമിതി പരിശോധിച്ച് അനുകൂലമായ തീരുമാനമെടു-ക്കുകയും തുടർ നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.** |
| (ബി) | ഇതിന് ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിന്റെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ